## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:4394 22.07.2015 ൽ മറുപടിയ്ക്ക്

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സസഹായം ലഭിക്കാനുള്ള കാലതാമസം**

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | ഉത്തരം<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹുമാനപ്പെട്ട മുഖ്യമന്ത്രി) |
|---|---|
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സ സഹായത്തിനായി അപേക്ഷ സമർപ്പിച്ച് അന്നുതന്നെ ബഹു: മുഖ്യമന്ത്രി സമയബന്ധിതമായി ജില്ല കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു മാസങ്ങൾ കഴിഞ്ഞിട്ടും കാസർഗോഡ് റവന്യൂ അധികാരികളിൽ നിന്നും റിപ്പോർട്ടുകൾ എത്താൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;<br><br>(ബി) ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർ കാലതാമസം വരുത്തിയതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും ലഭിക്കുന്ന അപേക്ഷകളിൽ വില്ലേജ് ഓഫീസർ, താലൂക്ക് തഹസിൽദാർ എന്നിവർ വഴി അന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ടുകൾ, ജില്ലാ കളക്ടർ എത്രയും വേഗത്തിൽ തിരിച്ച് ഗവൺമെന്റിൽ ഉത്തരവിനായി സമർപ്പിക്കാറുണ്ട്. ഇതിനായി ശരാശരി 2 മുതൽ 3 ആഴ്ച വരെ സമയം എടുക്കാറുണ്ട്. അറിയിപ്പ് നൽകിയിട്ടും ഹാജരാകുകയോ ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുകയോ ചെയ്യാത്ത ചുരുക്കം ചില അപേക്ഷകരുടെ റിപ്പോർട്ടുകൾ ഗവൺമെന്റിൽ സമർപ്പിക്കാൻ കാലതാമസം നേരിടാറുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ